## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **2254**

08.05.2017-ൽ മറുപടിക്ക്

# സ്പീഡ് കേരള പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ജെയിംസ് മാത്യു<br>,, കെ. ദാസൻ<br>,, ബി.ഡി.ദേവസ്സി<br>,, ഐ.ബി.സതീഷ് | | ശ്രീ. ജി.സുധാകരൻ<br>(ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഗതാഗത കുരുക്കിന് ഗണ്യമായ പരിഹാരമുണ്ടാകുന്ന വിധത്തിൽ ഫ്ലൈ ഓവറുകൾ, പാലങ്ങൾ, റോഡുകൾ എന്നിവ നിർമ്മിക്കുന്നതിനായി "സ്പീഡ് കേരള" പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;<br><br>(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം പ്രവൃത്തികളാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ)<br>&<br>(ബി) | ഉണ്ട്.<br>പദ്ധതി നടപ്പാക്കുന്നതിന് കേരള റോഡ് ഫണ്ട് ബോർഡിനെയാണ് ചുമതലപ്പെടുത്തിയിരുന്നത്. പ്രസ്തുത പദ്ധതി പ്രകാരം ചുവടെ ചേർത്തിട്ടുള്ള നാല് പ്രവൃത്തികളാണ് ഉള്ളത്.<br><br><u>പാലാരിവട്ടം മേൽപ്പാലം:-</u> 620 മീറ്റർ നീളവും 15 മീറ്റർ വീതിയും വരുന്ന നാലുവരി പാതയോട്ടുകൂടിയ പാലാരിവട്ടം ഫ്ലൈ ഓവറിന്റെ നിർമ്മാണം 41.28 കോടി രൂപ നിർമ്മാണ ചെലവിൽ റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ പൂർത്തീകരിച്ചു.<br><br><u>കഞ്ഞിക്കുഴി വെട്ടത്തുകവല കറുകച്ചാൽ മല്ലപ്പള്ളി റോഡ് ഉപരിതലം ബലപ്പെടുത്തൽ :-</u> 22.8 കി.മീ ദൈർഘ്യമുള്ള റോഡുകളുടെ വികസനമാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. 67.26 കോടി രൂപ മതിപ്പ് ചെലവിൽ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നിർമ്മാണം പൂർത്തീകരിച്ചു.<br><br><u>രാമപുരം നാലമ്പലം ദർശനം റോഡ് പുനരുദ്ധാരണം :-</u> കോട്ടയം ജില്ലയിലെ 46.81 കി.മീ. ദൈർഘ്യമുള്ള 14 റോഡുകളുടെയും 4 അപ്രോച്ച് റോഡുകളുടെയും വികസനം ലക്ഷ്യമിടുന്ന ഈ പദ്ധതിയുടെ നിർമ്മാണം 67 കോടി രൂപ മതിപ്പ് ചെലവിൽ കേരള സ്റ്റേറ്റ് |

കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നിർമ്മാണം പൂർത്തീകരിച്ചുവരുന്നു.

എൻ.എച്ച്. ബൈപ്പാസ് നിർമ്മാണം :-
കോഴിക്കോട് ബൈപ്പാസിന്റെ വെങ്ങളം മുതൽ പുലാടിക്കുന്ന് വരെയുള്ള 5.1 കി.മീ ദൈർഘ്യം വരുന്ന പൂർത്തിയാക്കാത്ത ഭാഗം വികസിപ്പിക്കുവാനാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. കോരപ്പുഴയിലും, പുറക്കാട്ടേരിയിലും രണ്ടു പ്രധാന പാലങ്ങൾ ഉൾപ്പെടെ 152.75 കോടി രൂപ നിർമ്മാണ ചെലവിൽ പൊതുമരാമത്ത് എൻ.എച്ച്. വിഭാഗം പൂർത്തീകരിച്ചു.

ദേശീയപാത വിഭാഗത്തെ സംബന്ധിച്ചിടത്തോളം എൻ.എച്ച് 17- കോഴിക്കോട് ബൈപ്പാസിന്റെ ബാക്കിയുള്ള ഭാഗം ഫേസ് II റീച്ച് II കി.മി. 0/000 മുതൽ 5/100 വരെയുള്ള റോഡിന്റെ ഭാഗത്തെ പ്രവൃത്തികൾ 22.01.2016-ൽ പൂർത്തീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത പ്രവൃത്തിക്ക് 152.75 കോടി രൂപ ചെലവായിട്ടുണ്ട്.

| | |
|---|---|
| (സി) ഇവയുടെ ചെലവ് വഹിക്കുന്നതിനുള്ള ഫണ്ട് എവിടെ നിന്നാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) കേരള റോഡ് ഫണ്ട് ബോർഡ് മുഖേനെയാണ് പദ്ധതിക്കാവശ്യമായ ഫണ്ട് ലഭ്യമാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ